## ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2012 മുതൽ 31.12.2013 വരെ കാലയളവിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

ജീവനകാര്യം (G) വിഭാഗം

നം: EG3/26776/21/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 08.10.2021

---

വായന:-1. സർക്കുലർ നമ്പർ EG3/26914/14/DTE തീയതി 23.09.2014.

2. ചേർത്തല സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ 18.08.2021 ലെ A2/1655/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2012 മുതൽ 31.12.2013 വരെ കാലയളവിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്നു.

ചേർത്തല സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക്നോളജി ട്രേഡിൽ ട്രേഡ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ കിരൺ കെ എന്ന ജീവനക്കാരൻ സമർപ്പിച്ച നിവേദനം വായന 2 കത്ത് പ്രകാരം സ്ഥാപനമേധാവിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക്നോളജി ട്രേഡിൽ ട്രേഡ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന തനിക്ക് പ്രസ്തുത ട്രേഡിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തിക നിലവിലില്ലാത്തതിനാൽ സ്ഥാനക്കയറ്റം ലഭിക്കാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളതെന്നും അത് പരിഹരിക്കുന്നതിനായി തന്നെ ഇലക്ട്രോണിക്സ് ട്രേഡിൽ ഉൾപ്പെടുത്തി ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കണമെന്നും ടിയാൻ അപേക്ഷിച്ചിരിക്കുന്നു. മുൻ കാലങ്ങളിൽ ഇത്തരത്തിൽ ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക്നോളജി ട്രേഡിൽ ട്രേഡ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരെ ഇലക്ട്രോണിക്സ് ട്രേഡിലെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് പരിഗണിച്ചിട്ടുണ്ട് എന്ന വസ്തുതയും ടിയാൻ അപേക്ഷയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ശ്രീ കിരൺ കെ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് പരിശോധനകൾ നടത്തിയതിൽ നിന്നും, ഈ വകുപ്പിൽ ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക്നോളജി ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികകൾ നിലവിലുണ്ടെങ്കിലും ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക്നോളജി ട്രേഡിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തിക നിലവിലില്ലയെന്നും എന്നാൽ പ്രസ്തുത രണ്ട് ട്രേഡുകൾക്കും നിശ്ചയിച്ചിട്ടുള്ള നിയമന യോഗ്യതയും രണ്ട് ട്രേഡുകളുടെയും ജോലി സ്വഭാവവും ഒന്നുതന്നെയായതിനാൽ ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക്നോളജി ട്രേഡിൽ ട്രേഡ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ അവസരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി മുൻ കാലങ്ങളിൽ പ്രസ്തുത ട്രേഡുകളിലുള്ള ജീവനക്കാരെ സംയോജിതമായി ഇലക്ട്രോണിക്സ് ട്രേഡിലെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് പരിഗണിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

Draft #1 of File EG3/26776/21/DTE Approved by Director (in-charge) on 08-Oct-2021 04:13 PM - Page 1

മേൽ വിവരിച്ച സാഹചര്യത്തിൽ വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2012 മുതൽ 31.12.2013 വരെ കാലയളവിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക്നോളജി ട്രേഡുകൾ സംയോജിതമാക്കിക്കൊണ്ടും ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ ടെക്നോളജി ട്രേഡിൽ ക്രമനമ്പർ 1 ൽ സ്ഥാനം ക്രമീകരിച്ചിരുന്ന ശ്രീ കിരൺ കെ എന്ന ജീവനക്കാരനെ, ഇലക്ട്രോണിക്സ് ട്രേഡിൽ ക്രമനമ്പർ 2 ൽ സ്ഥാനം ക്രമീകരിച്ചിട്ടുള്ള ശ്രീ ബിനീഷ് പി എന്ന ജീവനക്കാരനും ക്രമനമ്പർ 3 ൽ സ്ഥാനം ക്രമീകരിച്ചിട്ടുള്ള ശ്രീമതി ലിനി ബീഗം എ എന്ന ജീവനക്കാരിക്കും മദ്ധ്യത്തിലായി 2(A) എന്ന സ്ഥാനത്തേക്ക് പുനഃക്രമീകരിച്ചുകൊണ്ടും പ്രസ്തുത അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ ഗ്രഡേഷൻ ലിസ്റ്റ് ഈ ഭേദഗതിയോടെ നിലനിൽക്കുന്നതായിരിക്കും.

ഒപ്പ് /-

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സൂപ്രണ്ട്, EB സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File EG3/26776/21/DTE Approved by Director (in-charge) on 08-Oct-2021 04:13 PM - Page 2